"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**
**ധനകാര്യ(എൻ.പി.എസ് സെൽ)വകുപ്പ്**

**നം.05/2024/ധന** **തിയ്യതി, തിരുവനന്തപുരം, 18.01.2024**

**പരിപത്രം**

വിഷയം:- ദേശീയ പെൻഷൻ പദ്ധതി - അംഗങ്ങളുടെ വ്യക്തിഗത വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നത്- സംബന്ധിച്ച്

സൂചന :- പി.എഫ്.ആർ.ഡി.എ-യുടെ 19.06.2023 തിയ്യതിയിലെ PFRDA/17/08/11/0021/2017-SUP-SG നമ്പർ കത്ത്

സംസ്ഥാനത്ത് ദേശീയ പെൻഷൻ പദ്ധതിയുടെ നടത്തിപ്പ് സുഗമമാക്കുന്നതിനായി പെൻഷൻ ഫണ്ട് റഗുലേറ്ററി ആന്റ് ഡെവലപ്പ്മെന്റ് അതോറിറ്റി (പി.എഫ്.ആർ.ഡി.എ) വിവിധ നിർദ്ദേശങ്ങൾ പരാമർശം പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിൽ വളരെ പ്രധാനപ്പെട്ട ഒരു നിർദ്ദേശം ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ വ്യക്തിഗത വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നത് സംബന്ധിച്ചുള്ളതാണ്. സ്പാർക്ക് ഡേറ്റാബേസിൽ ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാരുടെ വ്യക്തിഗത വിവരങ്ങൾ (ഫോൺ നമ്പർ, മെയിൽ ഐ.ഡി തുടങ്ങിയവ) രേഖപ്പെടുത്തുന്നതിന് പകരം ജീവനക്കാരുടെ ഓഫീസ് വിവരങ്ങൾ രേഖപ്പെടുത്തുന്നതിനാൽ ഇത്തരം ജീവനക്കാരുടെ വ്യക്തിഗത വിവരങ്ങളിൽ ഡ്യൂപ്ലിക്കേഷൻ ഉള്ളതായി പി.എഫ്.ആർ.ഡി.എ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ നിരവധി ജീവനക്കാർ അവരുടെ വ്യക്തമായ മേൽ വിലാസം, ഇ-മെയിൽ ഐ.ഡി, ഫോൺ നമ്പർ, ഫോട്ടോ, ബാങ്ക് അക്കൗണ്ട് നമ്പർ, വിരമിക്കൽ തിയ്യതി, അനന്തരാവകാശിയുടെ/അനന്തരാവകാശികളുടെ പേര്, മേൽ വിലാസം എന്നിവ നൽകാത്തതിനാലും നേരത്തേ നൽകിയ വിവരങ്ങളിൽ മാറ്റമുള്ള ജീവനക്കാർ ട്രഷറി മുഖാന്തരം ആയത് CRA ഡേറ്റാബേസിൽ അപ്ഡേറ്റ് ചെയ്യാത്തതിനാലും എൻ.പി.എസ് സംബന്ധമായ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നത് തടസ്സങ്ങൾ നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് തെറ്റായ വ്യക്തിഗത, ഔദ്യോഗിക, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ (ഉദാ:- മേൽ വിലാസം, ഇ-മെയിൽ ഐ.ഡി, ഫോൺ നമ്പർ, ഫോട്ടോ, ബാങ്ക് അക്കൗണ്ട് നമ്പർ , അനന്തരാവകാശിയുടെ/അനന്തരാവകാശികളുടെ പേരും മേൽ വിലാസവും, ജനന തിയ്യതി, വിരമിക്കൽ തിയ്യതി തുടങ്ങിയവ) നൽകിയ ജീവനക്കാർ, നേരത്തെ നൽകിയ വിവരങ്ങളിൽ മാറ്റം വന്നിട്ടുള്ള ജീവനക്കാർ എന്നിവർ തങ്ങളുടെ ശരിയായ വിവരങ്ങൾ CRA ഡേറ്റാബേസിൽ അപ്ഡേറ്റ് ചെയ്യുന്നതിനായി യഥാവിധി പൂരിപ്പിച്ച S2 ഫോം നിർബന്ധമായും അവരുടെ ഡി.ഡി.ഒ-മാർക്ക് സമർപ്പിക്കേണ്ടതാണ്. ഡി.ഡി.ഒ-മാർ ടി ഫോം പരിശോധിച്ച് സാക്ഷ്യപ്പെടുത്തി തെളിവ് രേഖകൾ സഹിതം തുടർനടപടികൾക്കായി ബന്ധപ്പെട്ട ട്രഷറിയിൽ സമർപ്പിക്കേണ്ടതാണ്.

**ഷിബു.എ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

ഡയറക്ടർ (സർവ്വീസസ്), ഡിപ്പാർട്ട്മെന്റ് ഓഫ് പേഴ്സണൽ ആന്റ് ട്രെയിനിംഗ്, മിനിസ്ട്രി ഓഫ് പേഴ്സണൽ, പബ്ലിക് ഗ്രിവൻസസ് ആന്റ് പെൻഷൻ, ഗവൺമെന്റ് ഓഫ് ഇന്ത്യ, നോർത്ത് ബ്ലോക്ക്, സെൻട്രൽ സെക്രട്ടേറിയേറ്റ്, ന്യൂഡൽഹി - 110001
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് - I), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് - II), കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്. തിരുവനന്തപുരം
ധനകാര്യ(പെൻഷൻ-എ)വകുപ്പ്
മുഴുവൻ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
സ്റ്റേറ്റ് നോഡൽ ഓഫീസർ www.finance.kerala.gov.in
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
ജനറൽ മാനേജർ, കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്, തിരുവനന്തപുരം
ചീഫ് സെക്രട്ടറി, കേരള സർക്കാർ
സർക്കാരിന്റെ എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ
സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ
/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ
ഗവർണറുടെ സെക്രട്ടറി, രാജ്ഭവൻ, തിരുവനന്തപുരം
സ്പീക്കറുടെ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ
സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ, തിരുവനന്തപുരം
മുഖ്യമന്ത്രിയുടെ/മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറി
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം
മുഖ്യ വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകൾക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ